## യോഹന്നാൻ 2, 1-11 മേൽത്തരം വീഞ്ഞ്

### 1. ദൈവത്തെ സ്വപനം കാണുക

ചുരുക്കം ചിലർക്കെങ്കിലും വളരെ ഇഷ്ടമുള്ള ഒരു വചന ഭാഗമാണ് കാനായിലെ കല്യാണം. കാരണം സുവിശേഷത്തിൽ വീഞ്ഞിന്റെ സമൃദ്ധികാണുന്ന വചനഭാഗമാണല്ലോ ഇത്. അതുകൊ് ചിലമദ്യപാനികളെങ്കിലും ഈ സുവിശേഷ ഭാഗത്തെ സ്നേഹിക്കുന്നു്. അത്തരക്കാർ തങ്ങളെതന്നെ ന്യായീകരിക്കുവാൻ ഉപയോഗിക്കുന്ന വചനഭാഗമാണിത്. മദ്യനയം യുക്തിരഹിതമെന്ന് വാദിക്കുന്ന നിയമപാപകർ ഇന്ന് നമ്മുക്കു്. നമ്മുടെ ആഘോഷങ്ങളുടെ ഭാഗമായി കുപ്പികൾ മാറുന്നതും വിചിത്രമാണ്. നമ്മുടെ ആഘോഷങ്ങൾ ആഡംബരങ്ങളുടെ, അഴിഞ്ഞാട്ടങ്ങളുടെ, മദ്യസ്തക്കാരത്തിന്റെ, പണദുർവിനിയോഗത്തിന്റെ വേദികൾ മാത്രമായി അധപതിക്കുമ്പോൾ കാനാ നമ്മുക്കൊരു വെല്ലുവിളിയാണ്. കാരണം മിതമായ ആഘോഷത്തിന്റെ നടുവിലം ദൈവത്തെ മറക്കാത്ത, ജീവിതമൂല്യങ്ങളെ മറക്കാത്ത മനുഷ്യരാണ് കാനായിലുായിരുന്നത്. എന്നിട്ടും കണക്കുകൂട്ടലുകളിൽ അവർക്ക് പിഴച്ചു. മനുഷ്യ ജീവിതം ഇങ്ങനെയാണ്. മനുഷ്യൻ ഒന്നു വിചാരിക്കുന്നു. എന്നാൽ ദൈവത്തിന്റെ കണക്കുകൂട്ടലുകൾ മറ്റൊന്നാണ്. കണക്കുകൂട്ടലുകൾ ജീവിതത്തിൽ തെറ്റിപ്പോകുമ്പോൾ തകരാതിരിക്കണമെങ്കിൽ നമ്മുടെ സ്വപ്നങ്ങളുടെ നടുവിൽ ദൈവത്തെക്കൂടി സ്വപ്നം കാണുന്നവരായി നാം മാറണം.

### 2. മേൽത്തരം വീഞ്ഞ്

നമ്മുടെ ജീവിതം നിറമില്ലാത്തതും, മണമില്ലാത്തതും, രുചിയില്ലാത്തതുമായിരിക്കാം. പച്ചവെള്ളം പോലെ തണുത്തതുമാകാം, കാലിയായ കുടം പോലെ ശൂന്യവുമാകാം. പക്ഷെ കാനാ നമ്മോട് പറയുന്ന സത്യം ഇതാണ്......നമ്മുടെ ജീവിതത്തെ ദൈവകരങ്ങളിൽ ഏൽപ്പിക്കുക അവിടുന്നത് മധുരമുള്ള മേൽത്തരം വീഞ്ഞാക്കിമാറ്റും. മേൽത്തരം വീഞ്ഞുകളായി മാറേ ജീവിതങ്ങളാണ് ക്രൈസ്തവരുടെ ജീവിതം. അത് രുചിക്കുമ്പോൾ മറ്റുള്ളവർക്കത് മധുരമുള്ളതും, രുചികരവും, ആകർഷണീയവുമായിരിക്കണം. പക്ഷെ ഇന്ന് നമ്മുടെ ജീവിതം കാണുമ്പോല് മറ്റുള്ളവർ എന്ത് വിചാരിക്കുന്നു...............? ഇതൊരു ചോദ്യചിഹ്നമായി നമ്മുടെ മുന്നിൽ നിൽക്കട്ടെ.. മധുരമുള്ള മേൽത്തരം വീഞ്ഞായി നമ്മുടെ ജീവിതം മാറുന്നില്ലെങ്കിൽ കാരണം അതിനെ ദൈവതിരുമുമ്പിൽ സമർപ്പിക്കുവാൻ നമ്മുക്കാവുന്നില്ല എന്നതുതന്നെ കാരണം. നമ്മുടെ ജീവിതത്തിൽ പരിവർത്തനം വരണമെങ്കിൽ നാം ദൈവതിരുമുമ്പിലേക്ക് എന്തെങ്കിലും കൊുചെന്നേ തീരൂ ഫുൾട്ടെൻ ജെ ഷീൻ പറഞ്ഞുവയ്ക്കുന്നത്. അതുകൊ് സമർപ്പണ മനോഭാവത്തിലേക്ക് നമ്മുക്ക് വളരാം.

### 3. അമ്മയും മകനും

നമ്മുടെ ശൂന്യമായ ജീവിതങ്ങൾ നിറക്കാൻ സാധിക്കുന്നത് കലവറക്കാരനോ, വീട്ടുടമസ്ഥനോ, വിളമ്പിക്കൊടുക്കുന്നവർക്കോ അല്ല മറിച്ച് ഈശോക്കും അവന്റെ അമ്മക്കുമാണ്. അമ്മോയോടപേക്ഷിച്ചാൽ അമ്മ പുത്രനെക്കൂട്ടിക്കൊ് നമ്മുടെ ജീവിത്തിലേക്ക് വരും. മനുഷ്യകുലത്തിന്റെ രക്ഷയിൽ ഈശോയോട് സഹകരിച്ചവളാണ് പരിശുദ്ധ അമ്മ. ആ അമ്മക്ക് നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ അതുല്യമായ സ്ഥാനമു്. അമ്മയെക്കൂടാതെ ക്രൈസ്തവന് ക്രിസ്തീയ ജീവിതമില്ല. അതുകൊാണ് അവൻ പറയുന്നതുപോലെ ചെയ്യുവാൻ അമ്മപറഞ്ഞതും, കുരിശിൽ കിടന്നുകൊ് അമ്മയെ നമ്മുടെ അമ്മയായി മകൻ തന്നതും.

അത്ഭുതങ്ങൾ നടക്കേ ജീവിതങ്ങളാണ് നമ്മുടേത്. അത് സാധിക്കണമെങ്കിൽ ദൈവസ്പർശനത്തിനായി പരി. അമ്മയുടെ സ്പർശനത്തിനായി നമ്മെതന്നെ നാം വിട്ടുകൊടുക്കണം. അപ്പോൾ ജീവിത്തിൽ മധുരമുള്ള വീഞ്ഞിന്റെ സമൃദ്ധിയുാകും...

**ഫാ.ജോസഫ് കോയിക്കൽ**